# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:06.09.2024**

### പ്രധാനവാർത്തകൾ

1). **വിവിധ ഭാഷകൾ പഠിക്കുന്നതിലൂടെ കുട്ടികൾക്ക് രാജ്യത്തിൻറെ സാംസ്കാരിക വൈവിധ്യം മനസ്സിലാക്കാൻ അവസരം ലഭിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

2) **കൺസ്യൂമർ ഫെഡ് ഓണം വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.**

3) **ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് രണ്ട് ഗഡു ക്ഷേമ പെൻഷൻ ബുധനാഴ്ച മുതൽ വിതരണം ചെയ്യും.**

4) **സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 4000 രൂപ ബോണസ്. ഹരിതകർമ സേനാംഗങ്ങൾക്ക് ആയിരം രൂപ ഉത്സവബത്തയും പ്രഖ്യാപിച്ചു.**

5) **പാരിസ് പാരാലിമ്പിക്സ് പുരുഷൻമാരുടെ ഹൈജമ്പിൽ ഇന്ത്യയുടെ പ്രവീൺ കുമാറിന് സ്വർണം.**

*******************************************************************

RNU TVPM

## പ്രധാനമന്ത്രി അധ്യാപകദിനം

വിവിധ ഭാഷകൾ പഠിക്കുന്നതിലൂടെ കുട്ടികൾക്ക് രാജ്യത്തിൻറെ സാംസ്കാരിക വൈവിധ്യം മനസ്സിലാക്കാൻ അവസരം ലഭിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകേണ്ടത് വളരെ പ്രധാനമാണെന്നും, ദേശീയ അധ്യാപക പുരസ്കാര ജേതാക്കളുമായി സംവദിക്കവേ പ്രധാനമന്ത്രി പറഞ്ഞു. പഠനയാത്രകളിലൂടെ രാജ്യത്തിൻറെ പ്രത്യേകതകൾ വിദ്യാർത്ഥികളിലെത്തിക്കണമെന്നും ശ്രീ മോദി അധ്യാപകരോട് ആഹ്വാനം ചെയ്തു. ദേശീയ വിദ്യാഭ്യാസ നയത്തിൻറെ ഗുണഫലങ്ങളെക്കുറിച്ചും അദ്ദേഹം ആശയങ്ങൾ പങ്കുവച്ചു. അധ്യാപന അനുഭവങ്ങളും, പഠനം ആസ്വാദ്യകരമാക്കാനുള്ള മാർഗ്ഗങ്ങളും പുരസ്കാര ജേതാക്കൾ പ്രധാനമന്ത്രിയുമായി പങ്കുവച്ചു. അധ്യാപകരുടെ അർപ്പണമനോഭാവത്തെ പ്രശംസിച്ച പ്രധാനമന്ത്രി, രാജ്യത്തിൻറെ ഭാവി നിർണയിക്കുന്നതിൽ അധ്യാപകസമൂഹം വലിയ പങ്കുവഹിക്കുന്നതായും ചൂണ്ടിക്കാട്ടി.

RNUTVPM

**************************************************************************************************

## കൺസ്യൂമർഫെഡ്-ഓണം -(ഇൻട്രോ)

രാജ്യത്ത് വിലക്കയറ്റം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്നും സർക്കാർ ഇടപെടലിലൂടെയാണ് ഇത് സാധ്യമായതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കൺസ്യൂമർ ഫെഡ് ഓണം വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സഹകരണമേഖല നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്.............)**

സർക്കാർ നേതൃത്വം നൽകുന്ന ഓണാഘോഷങ്ങൾ മാത്രമാണ് ഇക്കുറി ഒഴിവാക്കിയിട്ടുള്ളതെന്നും മറ്റ് പരിപാടികൾ നടത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു. സെപ്റ്റംബർ 7 മുതൽ 14 വരെ 1500 കേന്ദ്രങ്ങളിലാണ് കൺസ്യൂമർഫെഡ് ഓണം വിപണി പ്രവർത്തിക്കുക. സപ്ലൈകോ ജില്ലാതല ഓണം ഫെയറുകളും സംസ്ഥാനത്ത് ഇന്നുമുതൽ പ്രവർത്തനം ആരംഭിച്ചു.

*************************************************************************

**<u>ക്ഷേമപെൻഷൻ</u>**

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് രണ്ട് ഗഡു ക്ഷേമ പെൻഷൻ നൽകാൻ സർക്കാർ തീരുമാനം. ഇതിനായി 1,700 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് ഓണത്തിന് 3,200 രൂപ വീതം ലഭിക്കുന്നത്. നിലവിൽ വിതരണം തുടരുന്ന ഗഡുവിന് പുറമെയാണ് രണ്ട് ഗഡുകൂടി അനുവദിച്ചത്. ബുധനാഴ്ച മുതൽ ഇത് ഗുണഭോക്താക്കളുടെ കൈകളിലെത്തും.

*************************************************************************

**<u>ഓണം - ഉത്സവബത്ത</u>**

ഓണം പ്രമാണിച്ച് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 4000 രൂപ ബോണസ് നൽകുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. ബോണസിന് അർഹത ഇല്ലാത്തവർക്ക് പ്രത്യേക ഉത്സവബത്തയായി 2,750 രൂപ നൽകും. സർവീസ് പെൻഷൻകാർക്കും, പങ്കാളിത്ത പെൻഷൻകാർക്കും പ്രത്യേക ഉത്സവബത്തയായി 1000 രൂപയും അനുവദിച്ചു. സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും ഓണം അഡ്വാൻസായി 20,000

RNUTVPM

രൂപ അനുവദിക്കും. പാർട്ട് ടൈം, കണ്ടിൻജന്റ് ഉൾപ്പെടെയുള്ള മറ്റു ജീവനക്കാർക്ക് അഡ്വാൻസ് 6000 രൂപയാണ്.

**************************************************************

## ഹരിതകർമസേന-ഉത്സവബത്ത

കുടുംബശ്രീയുടെ കീഴിലുള്ള 34,627 ഹരിതകർമ സേനാംഗങ്ങൾക്ക് ഉത്സവബത്തയായി ആയിരം രൂപ വീതം അനുവദിക്കാൻ സംസ്ഥാന സർക്കാർ ഉത്തരവായി. തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നാണ് തുക അനുവദിക്കേണ്ടത്.

**************************************************************

## അത്തച്ചമയ ഘോഷയാത്ര

കേരളത്തിൻറെ സാംസ്കാരിക വൈവിധ്യവും, കലാപാരമ്പര്യവും വിളിച്ചോതുന്ന അത്തച്ചമയ ഘോഷയാത്രയ്ക്ക് വേദിയായി തൃപ്പൂണിത്തുറയിലെ നഗരവീഥികൾ. സ്പീക്കർ എ എൻ ഷംസീർ ഘോഷ യാത്ര ഉദ്ഘാടനം ചെയ്തു. മതത്തിൻറെയും ജാതിയുടെയും വേലിക്കെട്ടുകൾ ഇല്ലാത്ത, സമഭാവനയുടെയും, സ്നേഹത്തിൻറെയും സഹിഷ്ണുതയുടെയും ആഘോഷമാണ് ഓണം എന്ന് അദ്ദേഹം പറഞ്ഞു. വയനാട് ദുരന്തബാധിതരെ അനുസ്മരിച്ചുകൊണ്ടാണ് ഇത്തവണ അത്തം ഘോഷയാത്ര അരങ്ങേറിയത്.

RNUTVPM

**************************************************************

## അത്തം ഓണവിപണി- (ഇൻട്രോ)

അത്തം പിറന്നതോടെ സംസ്ഥാനത്തെ ഓണവിപണിയും സജീവമായി. നഗര പ്രദേശങ്ങളിലും ഗ്രാമങ്ങളിലും ഇനി തിരക്കിൻറെ ദിവസങ്ങളാണ്.

ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.....

(വോയിസ്.......)

*****************************************************************

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*****************************************************************

**ജോർജ് കുര്യൻ-കോഴിക്കോട്**

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കേരളത്തിലെത്തും. പാലക്കാട് ജില്ലയിലെ പ്രാദേശിക പരിപാടിയിൽ പങ്കെടുത്ത ശേഷം ഉച്ചയോടെ അദ്ദേഹം കോഴിക്കോടെത്തും. വൈകുന്നേരം നാലിന് എൻ.ഐ.ടി കാലിക്കട്ടിൽ നടക്കുന്ന 20-ാമത് ബിരുദദാന ചടങ്ങിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

*****************************************************************

**റെയിൽവേ സ്റ്റേഷൻ-പേര് മാറ്റം**

തിരുവനന്തപുരം ജില്ലയിലെ നേമം, കൊച്ചുവേളി റെയിൽവേ സ്റ്റേഷനുകളുടെ പേര് മാറ്റം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറത്തിറക്കി. നേമം റെയിൽവേ സ്റ്റേഷൻറെ പേര് തിരുവനന്തപുരം സൗത്ത് എന്നും കൊച്ചുവേളി തിരുവനന്തപുരം നോർത്ത് എന്നും മാറ്റിയാണ് വിജ്ഞാപനം ഇറങ്ങിയിരിക്കുന്നത്. റെയിൽവേ ബോർഡിൻറെ ഉത്തരവ് കൂടി പുറത്ത് വന്നാൽ ഔദ്യോഗികമായി പേര് മാറ്റം നിലവിൽ വരും.

*****************************************************************

**കോൺഗ്രസ് പ്രതിഷേധ മാർച്ച്**

മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എതിരായ ആരോപണങ്ങളിൽ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ് സെക്രട്ടേറിയറ്റിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷം. പാർട്ടി പ്രവർത്തകരെ പിരിച്ചുവിടാൻ പോലീസ് നിരവധി തവണ ജലപീരങ്കി പ്രയോഗിച്ചു. കെ.പി.സി.സി

RNUTVPM

അധ്യക്ഷൻ കെ സുധാകരനാണ് മാർച്ച് ഉദ്ഘാടനം ചെയ്തത്. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉൾപ്പെടെയുള്ള നേതാക്കളും പ്രതിഷേധത്തിൽ പങ്കെടുത്തു.

****************************************************************************************************

## കെ. സുരേന്ദ്രൻ

സംസ്ഥാനത്ത് നിയമവാഴ്ച പൂർണമായും തകർന്നതായും മുഖ്യമന്ത്രി രാജിവെക്കണമെന്നും ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. ഭരണകക്ഷി എംഎൽഎ ഉയർത്തിയ ഗൗരവതരമായ ആരോപണങ്ങളിൽ പോലും ഒരു നടപടിയുമെടുക്കാൻ മുഖ്യമന്ത്രിക്ക് സാധിക്കുന്നില്ലെന്ന് അദ്ദേഹം വിമർശനം ഉന്നയിച്ചു. സംസ്ഥാനത്ത് നിയമവാഴ്ച തകർന്നതായും, പോലീസ് തന്നെ കുറ്റാരോപിതരാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്നും പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി ആരോപിച്ചു.

RNI TVPM

****************************************************************************************************

## എം.വി ഗോവിന്ദൻ

പി വി അൻവർ എം.എൽ.എ യുടെ പരാതി പരിശോധിക്കേണ്ടത് സർക്കാരാണെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം. വി ഗോവിന്ദൻ. ഡിജിപിയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് വിഷയം പരിശോധിക്കുന്നത്. പാർട്ടി തലത്തിൽ പരിശോധിക്കേണ്ടതുണ്ടെങ്കിൽ അതുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. തെറ്റായ നടപടി ആരുടെ ഭാഗത്തുനിന്ന് ഉണ്ടായാലും നടപടി സ്വീകരിക്കുമെന്നും ശ്രീ എം.വി ഗോവിന്ദൻ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

****************************************************************************************************

## <u>ജലക്ഷാമം</u>

വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ അലൈൻമെൻറ് പ്രവൃത്തികളെ തുടർന്ന് തിരുവനന്തപുരം നഗരത്തിലെ വിവിധയിടങ്ങളിൽ ജലവിതരണം മുടങ്ങി. രൂക്ഷമായ ജലക്ഷാമം ഹോട്ടലുകളുടെയും മറ്റും പ്രവർത്തനങ്ങളെ ബാധിച്ചതായാണ് റിപ്പോർട്ടുകൾ. നാളെ രാവിലെ വരെ ജലവിതരണം തടസ്സപ്പെടുമെന്നാണ് ജലഅതോറിറ്റി നൽകിയ മുന്നറിയിപ്പ്.

******************************************************

## <u>കുടിവെള്ളക്ഷാമം - വഴുതയ്ക്കാട്</u>

തിരുവനന്തപുരം വഴുതക്കാട് വാർഡിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജല അതോറിറ്റി ചീഫ് എഞ്ചിനിയറുടെ നേതൃത്വത്തിൽ സമിതിക്ക് രൂപം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. വിഷയത്തിൽ നഗരസഭാ സെക്രട്ടറി പ്രത്യേക റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ജലക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് വഴുതക്കാട് വാർഡ് കൗൺസിലർ രാഖി രവികുമാറിൻറെ നേതൃത്വത്തിൽ ജലഭവന് മുന്നിൽ ഇന്ന് ജനകീയ പ്രക്ഷോഭവും നടന്നു.

RNU TVPM

******************************************************

## <u>പാരീസ് പാരാലിമ്പിക്സ്</u>

പാരിസ് പാരാലിമ്പിക്സിൽ ഇന്ത്യയ്ക്ക് ആറാം സ്വർണം. പുരുഷൻമാരുടെ ഹൈജമ്പിൽ പ്രവീൺ കുമാറാണ് 2.08 മീറ്റർ പ്രകടനത്തിലൂടെ സ്വർണ മെഡൽ കരസ്ഥമാക്കിയത്. മെഡൽ നേട്ടത്തിൽ പ്രവീൺ കുമാറിനെ രാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിനന്ദിച്ചു. പുരുഷൻമാരുടെ ജാവലിൻ ത്രോ ഫൈനലിൽ ഇന്ത്യയുടെ ദീപേഷ് കുമാർ 7-ാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. വനിതകളുടെ 67 കിലോഗ്രാം പവർലിഫ്റ്റിംഗിൽ

കസ്തൂരി രാജാമണി രാത്രി 8.30 നും ജാവലിൻ ത്രോയിൽ ഭാവന ബെൻ ചൗധരി രാത്രി 10:30 നും ഫൈനൽ പോരാട്ടത്തിനിറങ്ങും. പുരുഷൻമാരുടെ ഷോട്ട് പുട്ട് ഫൈനലും ഇന്ന് രാത്രി നടക്കും. 26 മെഡലുകളുമായി 16-◌ാ◌ാം സ്ഥാനത്താണ് ഇപ്പോൾ ഇന്ത്യ .

*****************************************************

**മഴ - സംസ്ഥാനം**

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

*****************************************************

**ആയൂർ കേസ്**

ആയൂരിൽ നിന്നും കുട്ടിയെ തട്ടിക്കൊണ്ടുപോയ കേസിൽ വിചാരണ നടപടികൾ ആരംഭിക്കാനിരിക്കെ പോലീസ് തുടരന്വേഷണത്തിന് അപേക്ഷ നൽകി. കൂടുതൽ പേർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടതായി കുട്ടിയുടെ പിതാവ് ആരോപിച്ച സാഹചര്യത്തിലാണ് തുടരന്വേഷണം. കുട്ടിയുടെ സഹോദരൻ നാലു പേരെ കണ്ടിരുന്നു എന്നു പറഞ്ഞുവെങ്കിലും അത് പോലീസ് അന്വേഷിച്ചില്ല എന്ന് കുട്ടിയുടെ പിതാവ് ചാനൽ അഭിമുഖത്തിൽ ആരോപിച്ചിരുന്നു.

RNU TVPM

*****************************************************

**ജില്ലാ കളക്ടർമാർ-യോഗം**

റവന്യൂ, സർവെ വകുപ്പുകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനായി ജില്ലാ കളക്ടർമാരുടെയും മുതിർന്ന റവന്യു ഉദ്യോഗസ്ഥരുടെയും യോഗം നാളെയും മറ്റന്നാളും എറണാകുളത്ത് ചേരും. റവന്യു മന്ത്രി കെ രാജൻ യോഗം ഉദ്ഘാടനം ചെയ്യും. പട്ടയ സംബന്ധമായ വിഷയങ്ങൾ, നൂറുദിന പരിപാടി, ഡിജിറ്റൽ

സർവെ പുരോഗതി തുടങ്ങി വിവിധ വിഷയങ്ങൾ യോഗത്തിൽ അവലോകനം ചെയ്യും.

**********************************************************************

## എക്സൈസ് സ്പെഷ്യൽ ഡ്രൈവ്

തിരുവനന്തപുരം ജില്ലയിൽ വ്യാജമദ്യ വിൽപന, ഉത്പാദനം, വിതരണം, കടത്ത് എന്നിവ തടയുന്നതിനായി എക്സൈസ് ജില്ലാതല ജനകീയ കമ്മിറ്റി യോഗം ചേർന്നു. ഓണത്തോടനുബന്ധിച്ച് ആരംഭിച്ച എക്സൈസ് സ്പെഷ്യൽ എൻഫോഴ്സമെൻറ് ഡ്രൈവ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനും യോഗത്തിൽ തീരുമാനമായി. ഈ മാസം 20-ന് രാത്രി 12 വരെയാണ് സ്പെഷ്യൽ ഡ്രൈവ്.

RNU TVPM

**********************************************************************
**********************************************************************
**************